2325

**കേരള സർക്കാർ**

**പൊതുഭരണ (ഏകോപനം) വകുപ്പ്**

നം. സി.ഡി.എൻ.4/4/2017/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 20 -01-2017

## പരിപത്രം

വിഷയം:- **സമ്മതിദായകരുടെ ദേശീയ ദിനം- സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസസ്ഥാപനങ്ങളിലും പ്രതിജ്ഞയെടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു**

സൂചന:- 1.ചീഫ് ഇലക്ഷൻ കമ്മീഷണർ ചീഫ് സെക്രട്ടറിയ്ക്ക് അയച്ച 27.12.2016 ലെ 491/ECI/ET/FUNC/SVEEP- II /NVD/2016 നമ്പർ അർദ്ധഔദ്യോഗിക കത്ത്

2.ഇലക്ഷൻ (എക്യുപ്മെന്റ്) വകുപ്പിന്റെ 07.1.2017 ലെ 6337/EE2/2016/Election നമ്പർ അനൗദ്യോഗിക കുറിപ്പ്

----------

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായത് 1950 ജനുവരി 25 നാണ്. പ്രസ്തുത ദിനം എല്ലാവർഷവും രാജ്യമെമ്പാടും സമ്മതിദായകരുടെ ദേശീയ ദിനമായി ആചരിച്ചുവരുന്നു. സമ്മതിദായകരുടെ ദേശീയദിനത്തോടനുബന്ധിച്ച് ജനാധിപത്യത്തിന്റെ ആശയം വ്യാപിപ്പിക്കുന്നതിനും, സമ്മതിദാനാവകാശത്തിന്റെ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി പ്രസ്തുത ദിനത്തിൽ സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിക്കേണ്ടതാണെന്ന് കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ എല്ലാ വകുപ്പുമേധാവികളും, ജില്ലാകളക്ടർമാരും, പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും, അവരവരുടെ ഓഫീസുകളിലും അതാത് വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള ഓഫീസുകളിലും 2017 ജനുവരി 25-ന് രാവിലെ 11.00 മണിക്ക് പ്രതിജ്ഞ എടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ ദിനവുമായി ബന്ധപ്പെട്ട് സംവാദം , പ്രസംഗം, മോക്ക് പോൾ , ചിത്രരചന, ക്വിസ് മത്സരം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നത് അഭികാമ്യം ആയിരിക്കും എന്നും നിർദ്ദേശിക്കുന്നു.

**ഷീലാ തോമസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യുക്കേഷൻ, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിത)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം

2.

മേലെഴുത്ത്  നമ്പർ ജി4/2325/2017/കോ.വി.വ        തീയതി: 23.01.2017

സമ്മതിദായകരുടെ ദേശീയദിനം സംബന്ധിച്ച് സർക്കാർ പരിപത്രത്തിൽ നിർദ്ദേശിച്ചതിൻ പ്രകാരമുള്ള നടപടികൾ ഈ വകുപ്പിന് കിഴിലുള്ള എല്ലാ കാര്യാലയങ്ങളിലും കോളേജുകളിലും നടപ്പിലാക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.എ.എൻ.പത്മകുമാരി
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ്:-
കോളേജിയം ഈ കാര്യാലയത്തിൽ പ്രതിജ്ഞ എടുക്കുന്നതിന്

വി.എസ്. 23.01.17

രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പ് (പ്രതിജ്ഞാചടങ്ങ് സെക്രട്ടേറിയറ്റിൽ
സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി)
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് (പ്രതിജ്ഞാചടങ്ങ് സെക്രട്ടേറിയറ്റിൽ
സംഘടിപ്പിക്കുന്നതിന് ദർബാർ ഹാൾ ബുക്ക് ചെയ്യുന്നതിനായി)
ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ(എക്യുപ്മെന്റ്സ്) വകുപ്പ്
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
(അതാത് വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഓഫീസുകളിലും പ്രതിജ്ഞാചടങ്ങ് സംഘടിപ്പി
ക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിലേയ്ക്കായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പകർപ്പ്

മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

## സമ്മതിദായകരുടെ പ്രതിജ്ഞ

ജനാധിപത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇൻഡ്യൻ പൗരന്മാരായ ഞങ്ങൾ, രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യവും, സ്വാതന്ത്ര്യവും നീതിയുക്തവും സമാധാനപരമായ തെരഞ്ഞെടുപ്പിന്റെ അന്തസ്സും കാത്തു സൂക്ഷിക്കുമെന്നും, ജാതി, മതം, ഭാഷ തുടങ്ങിയ പരിഗണനകൾക്കോ മറ്റേതെങ്കിലും പ്രലോഭനങ്ങൾക്കോ വശംവദരാകാതെ എല്ലാ തെരഞ്ഞെടുപ്പുകളിലും സധൈര്യം വോട്ടു ചെയ്യുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.